**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3497** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ഭൂമിയില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സ്വന്തം ഭൂമിയിലോ ഇതര ഭൂമിയിലോ കൃഷിചെയ്യുന്നവർ എന്ന വേർതിരിവില്ലാതെ എല്ലാ കർഷകർക്കും ബാധകമാണ്. കർഷകർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷി വിസ്തൃതി വ്യാപനം, തരിശുഭൂമിയിൽ കൃഷി, സുരക്ഷിത കൃഷി, ജൈവ കൃഷി, മറ്റു കൃഷികൾ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ പമ്പ്സെറ്റ് പോലുള്ള മൂലധന ആസ്തികൾ നൽകുന്ന പദ്ധതികളിൽ |

| ക്രമ നം | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 16491 |
| 2 | കൊല്ലം | 7387 |
| 3 | പത്തനംതിട്ട | 20000 |
| 4 | ആലപ്പുഴ | 29698 |
| 5 | കോട്ടയം | 12585 |
| 6 | ഇടുക്കി | 4968 |
| 7 | എറണാകുളം | 8873 |
| 8 | തൃശ്ശൂർ | 11421 |
| 9 | പാലക്കാട് | 8843 |
| 10 | മലപ്പുറം | 21460 |
| 11 | കോഴിക്കോട് | 10198 |
| 12 | വയനാട് | 1039 |
| 13 | കണ്ണൂർ | 11371 |
| 14 | കാസർഗോഡ് | 667 |

| | | | |
|---|---|---|---|
| | | | പദ്ധതി നിർദ്ദേശിക്കുന്ന കൈവശ ഭൂമിയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. |
| (സി) | ഇത്തരം കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതാത് ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും, വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ 296 സ്വാശ്രയകർഷക സമിതികളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് ഉൽപാദനബോണസ് ലഭ്യമാക്കി. 7 ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസിങ്ങ് കേന്ദ്രങ്ങൾ മുഖേന പഴം - പച്ചക്കറികൾ വിപണികളിൽ അധികരിക്കുന്ന അവസരങ്ങളിലും അവ പ്രാഥമിക വിളവെടുപ്പാനന്തര നടപടികൾ പൂർത്തിയാക്കി ബ്രാൻഡ് ചെയ്ത് റീട്ടേയിൽ, പ്രീമിയം ഔട്ട് ലെറ്റുകൾ മുഖേന വിപണം നടത്തുന്നു. ഇത് വിലതകർച്ചയെ അതിജീവിക്കുവാൻ കർഷർക്ക് സഹായമാകുന്നു. കർഷകരുടെ അഭിവൃദ്ധിക്കും വിപണികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കൗൺസിൽ മുഖേന നടപ്പിലാക്കുന്ന ഡി.എസ്.എസ് (Development and Stabilisation Support) പദ്ധതി പ്രകാരം 1.35 കോടി രൂപ വിപണികൾക്ക് നൽകുവാൻ സാധിച്ചു. സംസ്ഥാനത്ത് പച്ചത്തേങ്ങയുടേയും കൊപ്രയുടേയും വിലയിടിഞ്ഞ സാഹചര്യത്തിൽ 2022 മുതൽ കേരഫെഡ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികളുടെ ചുമതലയിൽ പച്ചത്തേങ്ങ സംഭരണവും മാർക്കറ്റ് ഫെഡ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികളുടെ നേതൃത്വത്തിൽ കൊപ്രസംഭരണവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ